**ഇ-മെയിൽ:- : director.ims@kerala.gov.in, ഫോൺ നം.:0471-2323960 വെബ്സൈറ്റ്:-www.ims.kerala.gov.in**

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം ,**

**തിരുവനന്തപുരം - 14**

---

No.A2-1275(1)/2024/DIMS **തീയതി :**16-10-2026

# ക്വട്ടേഷൻ നോട്ടീസ്

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിനോടനുബന്ധിച്ചുള്ള സെൻട്രൽ മെഡിക്കൽ സ്റ്റോറിൽ നിന്നും **തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം** എന്നീ ജില്ലകളിലെ ഇ.എസ്.ഐ ആശുപത്രികളിലും, ഡിസ്പെൻസറികളിലും മരുന്ന് വിതരണത്തിന് പ്രതിദിന/പ്രതിമാസ വാടക നിരക്കിൽ ഡെലിവറി വാൻ ലഭ്യമാക്കാൻ തയ്യാറുള്ള വാഹന ഉടമ/സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

## നിബന്ധനകൾ

1.സെൻട്രൽ മെഡിക്കൽ സ്റ്റോറിന് (തൈക്കാട്) കീഴിലുള്ള ESI സ്ഥാപനങ്ങളിലേക്ക്(**തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം** എന്നീ ജില്ലകളിലെ) മരുന്ന് വിതരണം നടത്തേണ്ടതിലേക്ക് ചെറുതും വലുതും ഇടത്തരവുമായ വിവിധ തരം വാഹനങ്ങളിൽ പരമാവധി കാർട്ടൺ ബോക്സുകൾ കയറ്റാവുന്ന രീതിയിലുള്ളതായിരിക്കണം . കൂടാതെ വെയിൽ, മഴ, ഏൽക്കാതെ സുരക്ഷിതമായി മരുന്നുകൾ സ്ഥാപനങ്ങളിലേക്ക് എത്തിക്കാൻ ഉതകുന്ന തരത്തിലുള്ള പൂർണമായി Covered body ആയ വാഹനമായിരിക്കണം.

2 . സെൻട്രൽ മെഡിക്കൽ സ്റ്റോറിൽ നിന്നും (തൈക്കാട് ) മരുന്നുകൾ വിവിധ സ്ഥാപനങ്ങളിലേക്ക് സുരക്ഷിതമായി എത്തിച്ചു തരുന്നതിനും ആവശ്യമുള്ള പക്ഷം തിരിച്ച് കാർട്ടൺ ബോക്സുകൾ സെൻട്രൽ മെഡിക്കൽ സ്റ്റോറിലും (തൈക്കാട്) എത്തിച്ചു തരുന്നതിനുമുള്ള കരാർ മാത്രമായിരിക്കും.

3. ദൂരെ സ്ഥലങ്ങളിലേക്ക് പോകേണ്ട സാഹചര്യത്തിൽ മരുന്ന് പെട്ടികൾ വാഹനത്തിൽ കയറ്റി വയ്ക്കുന്നതിന് സ്റ്റോർ സൂപ്രണ്ട് ആവശ്യപ്പെടുന്ന പക്ഷം , ആവശ്യപ്പെടുന്ന സമയത്ത് തന്നെ വാഹനം ലഭ്യമാക്കേണ്ടതും സ്റ്റോർ സൂപ്രണ്ടിന്റെ സാക്ഷ്യപ്പെടുത്തലോട് കൂടി ഇൻവോയ്സ് സമർപ്പിക്കേണ്ടതുമാണ്. ഹാൾട്ടിങ് ചാർജസ് അനുവദിക്കുന്നതല്ല.

4. സെൻട്രൽ മെഡിക്കൽ സ്റ്റോറിലെ ജീവനക്കാരായ വാൻ ഡ്രൈവർ/ ക്ലീനർ ഇവരിൽ ഒരാൾക്ക് വാഹനത്തോടൊപ്പം യാത്ര ചെയ്യാനുള്ള സൗകര്യം ഉണ്ടാവേണ്ടതാണ്.

5. വിതരണത്തിൻ്റെ ഭാഗമായി പാക്ക് ചെയ്ത കൂൾ പാക്കറ്റ് സാമഗ്രികൾ സപ്ലൈ ചെയ്ത ശേഷം തിരിച്ച് സ്റ്റോറിൽ എത്തിച്ചു തരേണ്ടതാണ്.

6. മരുന്നുകൾ സ്ഥാപനത്തിലേക്ക് കൊണ്ട് പോകുന്നതിനും തിരിച്ച സ്റ്റോറിൽ എത്തുന്നത് വരെയും സ്റ്റോറിൽ നിന്നും കൊണ്ടുപോകുന്ന സാധന സാമഗ്രികളല്ലാതെ മറ്റൊന്നും വാഹനത്തിൽ കയറ്റാൻ പാടില്ല

7. വാഹനത്തിന്റെ പേരിൽ പിഴയോ കേസുകളോ ഉണ്ടാവാൻ പാടില്ല .

8. വാഹനം 2014 അല്ലെങ്കിൽ അതിനുശേഷം ഉള്ള മോഡൽ ആയിരിക്കണം

9. മരുന്ന് വിതരണം നടത്തിയശേഷം യാത്രയുടെ വിശദമായ ഇൻവോയ്സ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. സർക്കാരിൽ നിന്നും അലോട്ട്മെന്റ് ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതായിരിക്കും .

10. അനുവദനീയമായ പേയ്മെൻ്റ് തുകയിൽ നിന്നും 1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194 C(1)(ii) പ്രകാരം 2 ശതമാനം ഇൻകം ടാക്സ് ഈടാക്കുന്നതാണ്.

11. ആവശ്യമെങ്കിൽ ഒരേ സമയം ഒന്നിൽ കൂടുതൽ വാഹനങ്ങൾ ലഭ്യമാക്കേണ്ടതാണ്.

12.കരാറിന്റെ കാലാവധി ഒരു വർഷത്തേക്ക് അല്ലെങ്കിൽ പുതിയ സർക്കാർ വാഹനം ലഭ്യമാക്കുന്നത് വരെ, ഏതാണോ ആദ്യം എന്ന രീതിയിൽ ആയിരിക്കും.

13.സേവനത്തിനായി കൊണ്ടുവരുന്ന വാഹനങ്ങൾക്ക് മോട്ടോർ വാഹന നിയമം ആർടിഒ മറ്റു ബാധകമായ നിയമങ്ങൾ ,സ്റ്റാറ്റ്യൂട്ടറി ബോഡികൾ എന്നിവ പ്രകാരമുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, പി യു സി , പൂർണ്ണ സമഗ്ര ഇൻഷുറൻസ് ,റോഡ് പെർമിറ്റ് ,രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഉൾപ്പെടെ ആവശ്യമായ എല്ലാ പെർമിറ്റുകളും/ലൈസൻസുകളും/ ക്ലിയറൻസുകളും ഉണ്ടായിരിക്കേണ്ടതാണ്.

14.നൽകുന്ന എല്ലാ വാഹനങ്ങളിലും അടിയന്തര മെഡിക്കൽ പ്രഥമ ശുശ്രൂഷ കിറ്റ് ഉപകരണം, ഹാൻഡ് സാനിറ്റൈസർ എന്നിവ സജ്ജീകരിച്ചിരിക്കണം.

15.വിന്യസിച്ചിരിക്കുന്ന എല്ലാ വാഹനങ്ങളും നിശ്ചിത സ്ഥലത്ത് കൃത്യസമയത്ത് എത്തിച്ചേരുകയും , യാത്ര ചെയ്യുന്നതിന് ആവശ്യമായ ഇന്ധനം ഉണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.

16.വാഹനങ്ങളുടെ ഡ്രൈവർമാർക്ക് സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം. കൂടാതെ കുറഞ്ഞത് രണ്ടു വർഷത്തെ ഡ്രൈവിംഗ് പരിചയം ഉണ്ടായിരിക്കണം.

17.എളുപ്പത്തിൽ ബന്ധപ്പെടാൻ വാഹന ഡ്രൈവർമാർക്ക് ഒരു പ്രവർത്തിക്കുന്ന മൊബൈൽ നമ്പർ ഉണ്ടായിരിക്കണം .ഡ്യൂട്ടി സമയങ്ങളിൽ എല്ലായ്പ്പോഴും ഡ്രൈവറെ ബന്ധപ്പെടാൻ കഴിയണം.

18.യാത്രയ്ക്കിടയിൽ വാഹനത്തിനോ മറ്റു വാഹനങ്ങൾക്കോ വ്യക്തികൾക്കോ വാഹനത്തിലെ ജീവനക്കാർക്കോ (ഇൻഷുറൻസ് മെഡിക്കൽ സർവീസ് വകുപ്പിൽ ജീവനക്കാർ ഒഴികെ)ഉണ്ടാകുന്ന അപകടങ്ങൾക്കോ മറ്റ് കഷ്ടങ്ങൾക്കോ ഉണ്ടാകുന്ന ബാധ്യതകൾ വാഹന ഉടമയുടെ പൂർണ്ണ ഉത്തരവാദിത്തത്തിൽ ആയിരിക്കും.ഇത്തരത്തിൽ ഉണ്ടാകുന്ന സംഭവങ്ങൾക്ക് ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന് യാതൊരു ഉത്തരവാദിത്തമോ കടമയോ ഉണ്ടായിരിക്കുന്നതല്ല.

19.വാടക സംബന്ധിച്ച ക്വട്ടേഷനിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത ഏത് തർക്കങ്ങളിലും വിഷയങ്ങളിലും അധികം അന്തിമ തീരുമാനം വകുപ്പ് മേധാവിയുടെതായിരിക്കും.

20.കരാർ വ്യവസ്ഥകളിൽ ഏതെങ്കിലും ലംഘനം ഉണ്ടാകുന്ന പക്ഷം കരാർ ഏകപക്ഷീയമായി റദ്ദാക്കുന്നതിനുള്ള അധികാരം ഇൻഷുറൻസ് മെഡിക്കൽ സർവീസ് വകുപ്പിന് ഉണ്ടായിരിക്കുന്നതാണ്.

21.ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പുമായി കരാറിൽ ഏർപ്പെടേണ്ടതാണ്(കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് മുദ്രപത്രം വാടക ദാതാവ് തന്നെ നല്കണം).

22.വാഹനത്തിന്റെ ആർ.സി ബുക്ക്, പെർമിറ്റ്, ഇൻഷുറൻസ്, ടാക്സ് ടോക്കൺ, പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ ലൈസൻസ് പകർപ്പ് സഹിതം ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്.

23.ക്വട്ടേഷനുകൾ തരുന്ന സ്ഥാപനങ്ങൾക്ക് / വ്യക്തിക്ക് GST , PAN രജിസ്ട്രേഷൻ നമ്പർ ഉണ്ടായിരിക്കേണ്ടതാണ്.

24. വാഹനത്തിന്റെ POL (പെട്രോൾ/ഡീസൽ,ഓയിൽ,ലൂബ്രിക്കന്റ്സ്), മെയിന്റനൻസ്, ഡ്രൈവറുടെ വേതനം, TOLL CHARGES എന്നിവ അടക്കമുള്ള ചാർജായിരിക്കണം ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടുന്നത്.

25.ഏതൊരു ക്വട്ടേഷനും കാരണം കാണിക്കാതെ നിരസിക്കുവാൻ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

**ക്വട്ടേഷനുകൾ ഒട്ടിച്ച കവറിൽ "വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ" എന്ന മേലെഴുത്തോട് കൂടി 31/10/2026-ന് വൈകുന്നേരം 3 മണിക്ക് മുൻപായി ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കാവുന്നതാണ്. ലഭിച്ച ക്വട്ടേഷനുകൾ അന്നേദിവസം 4 മണിക്ക് ഹാജരുള്ള ക്വട്ടേഷൻ സമർപ്പിച്ചവരുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. ക്വട്ടേഷൻ സ്വീകരിക്കുന്നതിനുള്ള അവസാന ദിവസത്തിനും സമയത്തിനും ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നുന്നതല്ല. കേരള സർക്കാരിന്റെ സ്റ്റോർ പർച്ചേസ് നിയമപ്രകാരമുള്ള എല്ലാ നിബന്ധനകളും ഈ വ്യവഹാരത്തിൽ ബാധകമായിരിക്കും .**

**ക്വട്ടേഷൻ ചുവടെ ചേർത്ത മാതൃകയിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.**

**ക്വട്ടേഷൻ മാതൃക**

VEHICLE QUOTATION MONTHLY BASIS

| Sl.No | Vehicle type | Monthly rate | Fixed KM | Additional KM rate |
|---|---|---|---|---|
| 1 | 10 feet vehicle | | | |
| 2 | 14 feet vehicle | | | |
| 3 | 21 feet vehicle | | | |

VEHICLE QUOTATION DAILY BASIS

| Sl.No | Vehicle type | Daily rate | Fixed KM | Additional KM rate |
|---|---|---|---|---|
| 1 | 10 feet vehicle | | | |
| 2 | 14 feet vehicle | | | |
| 3 | 21 feet vehicle | | | |

Digitally signed by
Rani Prasad
Date: 16-10-2026
15:07:15

**ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ (I/C)**

**പകർപ്പ്**

1) ഐ ടി മാനേജർ വെബ് സൈറ്റിൽ പരസ്യം ചെയ്യുന്നതിന്

2) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ

കാര്യാലയം നോട്ടീസ് ബോർഡിൽ പരസ്യം ചെയ്യുന്നതിന്)

3 ) സൂപ്രണ്ട്, ESI ആശുപത്രി, പേരൂർക്കട ,Manager, Branch Office ,ESIC, Thycaud Thiruvananthapuram ( നോട്ടീസ് ബോർഡിൽ പരസ്യം ചെയ്യുന്നതിന് )